# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560*

*ഫോൺ: 0481-2733370*


## വാർത്താക്കുറിപ്പ്

2025 **ജൂൺ 17**

---

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*ജൂൺ 20ന് ആരംഭിക്കുന്ന മോഡൽ 1 ബിഎ, ബിഎസ്സി, ബികോം വാർഷിക സ്കീം (1998-2008 അഡ്മിഷൻ റഗുലർ), ബിഎ, ബികോം (പ്രൈവറ്റ് രജിസ്ട്രേഷൻ 1998-2011 അഡ്മിഷൻ) പാർട്ട് 3 മെയിൻ പേപ്പർ അവസാന മെഴ്സി ചാൻസ് പരീക്ഷകൾക്ക് കേന്ദ്രങ്ങൾ അനുവദിച്ച ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് ജൂൺ 18 മുതൽ ഹാൾ ടിക്കറ്റുകൾ വാങ്ങാം.*

*(പി.ആർ.ഒ/39/1698/2025)*

## ഗാർഡൻ വർക്കർ; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാർഡൻ വർക്കർ തസ്തികയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 90 ദിവസത്തേക്കാണ് നിയമനം. പ്രായം 21നും 58നും ഇടയിൽ. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം ഭരണവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക് (1) ജൂൺ 27ന് മുൻപ് നൽകണം.*

*(പി.ആർ.ഒ/39/1699/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ*

*പരിശോധനയ്ക്കും ജൂലൈ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

............................................

*ഒന്നാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1700/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1701/2025)*

## പ്രോജക്ട് ഇവാലുവേഷൻ

*അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംഎസ്സി ഇൻഫർമേഷൻ ടെക്നോളജി (സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ-അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ ജൂൺ 23 ന് കോന്നി വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1702/2025)*

## വായനാ ദിനാചരണം 19ന്

*മഹാത്മാ ഗാന്ധി സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള വായനാ ദിനാചരണം ജൂൺ 19ന് രാവിലെ 11ന് നടക്കും. ചങ്ങനാശേരി എൻ.എസ്.എസ് കോളജ് അധ്യാപിക ഡോ. ആതിര പ്രകാശ് ഉദ്ഘാടനം നിർവഹിക്കും.*

*സർവകലാശാലാ ലൈബ്രറി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജോയ് മാത്യു,*

*സ്കൂൾ ഓഫ് ലെറ്റേഴ്സിലെ ഗവേഷകൻ എം.ഡി. എബിൻ, സീമ വി. മധു, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർ പേഴ്സൺ വി.ടി. വിനയ എന്നിവർ വായനാനുഭവം പങ്കുവയ്ക്കും.*

*(പി.ആർ.ഒ/39/1703/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**